ന്നതാണ്. ഞങ്ങൾക്കും നിങ്ങൾക്കും സൗഖ്യം നൽകുവാൻ ഞാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു (മുസ്‌ലിം.)

**ഖുബാ പള്ളി :** നബി (സ്വ) മദീനയിലെത്തി ആദ്യ ദിവസത്തിൽ, തഖ്‌വയിലധിഷ്ഠിതമായി നിർമ്മിക്കപ്പെട്ട പള്ളിയാണത്. അവിടെ വെച്ചുള്ള നമസ്കാരത്തിന് ഉംറയുടെ പ്രതിഫലമുണ്ട്. നബി(സ്വ)പറഞ്ഞു : ആരെങ്കിലും തന്റെ വീട്ടിൽ വെച്ച് വുളുവെടുക്കുകയും പിന്നെ മസ്ജിദു ഖുബാഇൽ വരികയും അവിടെ വെച്ച് ഒരു നമസ്കാരം നമസ്കരിക്കുകയും ചെയ്താൽ അവന് ഒരു ഉംറയുടെ പ്രതിഫലമുണ്ട്. (ഇബ്നുമാജ).

**ഉഹുദ് ശുഹാദാക്കളുടെ ഖബർ സന്ദർശനം :** ഉഹുദ് യുദ്ധത്തിൽ ശഹീദായ എഴുപതോളം വരുന്ന സ്വഹാബക്കളുടെ ഖബറിടമാണ് ഉഹുദിൽ സന്ദർശിക്കാനുള്ളത്. അവരിൽ പ്രധാനിയായ ഹംസ(റ) മിസ്അബുബ്നു ഉമൈർ (റ)അബ്ദുല്ലാഹിബ്നു ജഹ്ശ് (റ) എന്നിവരുടെ ഖബറുകൾ മുൻഭാഗത്തും ബാക്കിയുള്ളത് അല്പം പിറകിലായും കാണാൻ സാധിക്കും. അവിടെ ചെന്നാൽ ബലീഅ് ഖബർസ്ഥാനിൽ സലാം പറഞ്ഞത് പോലെ സലാം പറയുക. ഈ മഹാന്മാരായ ശുഹാദാക്കളുടെ ഖബറുകളൊന്നും തന്നെ കെട്ടിയുർത്തപ്പെട്ടിട്ടില്ല എന്ന് പ്രത്യേകം മനസ്സിലാക്കുക.

**മസ്ജിദ് ഖിബ്‌ലതൈൻ, ഖൻദഖ് :** ഇവ മദീനയിലെ പ്രധാന ചരിത്ര സ്ഥലങ്ങളിൽ പെട്ടതാണ്. അവിടം സന്ദർശിക്കുന്നതിന് പ്രത്യേക പുണ്യമുള്ളതായി നബി(സ്വ)യോ സ്വഹാബാക്കളോ നമുക്ക് പഠിപ്പിച്ചു തന്നിട്ടില്ല.

40 വക്ത് നമസ്കാരം : അധികം ജനങ്ങളിലും പ്രചരിച്ചിട്ടുള്ള ഒന്നാണ് മദീനയിൽ വരുന്നവർ മസ്ജിദുന്നബവിയിൽ വെച്ച് 40 വഖ്ത് നമസ്കാരം നിർവ്വഹിക്കണമെന്നത് അത് ശരിയല്ല. അതിൽ വന്ന ഹദിഥ് ദുർബലമാണ്. എന്നാൽ മസ്ജിദുന്നബവിയിൽ വെച്ചുള്ള ഓരോ നമസ്കാരത്തിനും ആയിരത്തിൽ പരം പ്രതിഫലമുണ്ട്. കഴിയുന്നത്രയും നമസ്കാരം വർദ്ധിപ്പിക്കുന്നതാണ് നല്ലത്. അതിന് പ്രത്യേക എണ്ണമോ കണക്കോ ഇല്ല.

**സലാം പറഞ്ഞയക്കൽ :** മദീനയിൽ വരുന്ന ചിലരോട് അവരുടെ ബന്ധുക്കളുടെ മറ്റും റസൂൽ(സ്വ)ക്ക് അവരുടെ സലാം എത്തിക്കണമെന്ന് ആവശ്യപ്പെടാറുണ്ട് എന്നാൽ, ഇതിന് നബിചര്യയിൽ നിന്നോ സ്വഹാബാക്കളിൽ നിന്നോ യാതൊരു തെളിവും കാണാൻ സാധ്യമല്ല.

**മദീനയിൽ നിന്ന് തെറ്റ് /ബിദ്അത്ത് ചെയ്താൽ :** മദീനയിടെ പവിത്രയെക്കുറിച്ച് വിവരിച്ചപ്പോൾ നബി(സ്വ) പറഞ്ഞു : മദീനയിൽ വെച്ച് ആരെങ്കിലും മതത്തിലില്ലാത്തത് വല്ലതും ചെയ്യുകയും അങ്ങനെ ചെയ്യുന്നവന് അഭയം നൽക്കുകയോ ചെയ്താൽ അല്ലാഹുവും മലക്കുകളും മുഴുവൻ ജനങ്ങളും അവനെ ശപിക്കുന്നതാണ്. അവനിൽ നിന്ന് ഫർളോ സുന്നത്തോ സ്വീകരിക്കപ്പെടുകയില്ല ഹറമിൽ വെച്ചുള്ള നന്മകൾക്ക് പ്രതിഫലം കൂടുകയും തെറ്റുകൾക്ക് ശിക്ഷ കൂടുകയും ചെയ്യും. ■

islahi
HAJJ & UMRA SERVICE



# മദീന സന്ദർശനം

**പ**രിശുദ്ധ മദീന സന്ദർശിക്കുന്നവരും അവിടെ താമസിക്കുന്നവരുമായ ഓരോ മുസ്‌ലിമും അറിഞ്ഞിരിക്കേണ്ട കാര്യങ്ങളും, അവർ പാലിക്കേണ്ട മര്യാദകളുമാണ് ഈ ലഘു കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

മദീനത്തുർറസൂൽ, ആദരണീയനായ റസൂൽ (സ്വ) യുടെ പട്ടണം, ഈമാനിന്റെ അഭയകേന്ദ്രം, വഹ്‌യ് ഇറങ്ങിയ സ്ഥലം, ഇസ്‌ലാമിന്റെ പ്രകാശം പരത്തിയ, മുഹാജിറുകളെ സ്വീകരിച്ച ത്വയ്ബ എന്ന് പേരുള്ള നാട് .......... തുടങ്ങി ധാരാളം പ്രത്യേകതകളുള്ള സ്ഥലമാണ് മദീന.... അവിടേക്കാണ് തിരുനബി (സ്വ) പാലായനം ചെയ്തത്. അവിടെയാണ് അവസാന കാലം വരെ ജീവിച്ചതും മരണപ്പെട്ടതും ഖബറക്കപ്പെട്ടതും.

ഹറം പവിത്രമാക്കപ്പെട്ട സ്ഥലം : മക്ക പവിത്രമാക്കി നിശ്ചയിക്കപ്പെട്ടത് പോലെ മദീനയെ നബി (സ്വ)യും ഹറമാക്കി നിശ്ചയിച്ചു. മദീനയിലെ ഹറം എന്നാൽ മസ്ജിദുന്നബവി മാത്രമാണ് എന്നത് വ്യാപകമായ ഒരു തെറ്റുദ്ധാരണയാണ്. എന്നാൽ ഐർ–ഥൗർ എന്നീ രണ്ട് കുന്നുകൾക്കിടയിലുള്ള സ്ഥലം മുഴുവനും ഹറമിൽപെട്ടതാണ്. അതിലെ ചെടികൾ മുറിക്കുവാനോ വേട്ടയാടുവാനോ പാടുള്ളതല്ല.

**മസ്ജിദുന്നബവി :** മുസ്‌ലിംകൾക്ക് സിയാറത്ത് അനുവദിക്കപ്പെട്ട 3 പള്ളികളാനുള്ളത്. അതിലൊന്നാണ് മസ്ജിദുന്നബവിയും നബി(സ്വ) പറഞ്ഞു : മൂന്ന് പള്ളികളിലേക്കല്ലാതെ (പുണ്യമുദ്ദേശിച്ച് കൊണ്ട് യാത്രകെട്ടിപുറപ്പെടാൻ പാടുള്ളതല്ല. മസ്ജിദുൽ ഹറാം, എന്റെ ഈ പള്ളി, (മസ്ജിദുന്നബവി) മസ്ജിദുൽ അഖ്സ്വ (ബുഖാരി, മുസ്‌ലിം) പ്രവാചകൻ (സ്വ) നിർമ്മിച്ച പള്ളിയാണ് മസ്ജിദുന്നബവി. അവിടെവെച്ചുള്ള ഒരു നമസ്കാരത്തിന് ആയിരം നമസ്കാരത്തേക്കാൾ പ്രതിഫലമുണ്ട്. നബി(സ്വ) പറഞ്ഞു. എന്റെ ഈ പള്ളിയിൽവെച്ചുള്ള ഒരു നമസ്കാരത്തിന് മസ്ജിദുൽ ഹറാം അല്ലാത്ത മറ്റുപള്ളികളിൽ വെച്ച് നമസ്കരിക്കുന്നതിനേക്കാൾ ആയിരത്തിൽ പരം നമസ്കാരത്തിന്റെ പ്രതിഫലം ലഭിക്കുന്നതാണ്. (ബുഖാരി, മുസ്‌ലിം) ഈ പ്രതിഫലം ഫർദിനും സുന്നത്തിനും ലഭിക്കുന്നതാണ്, പള്ളിക്കകത്ത് വെച്ച് തന്നെ നമസ്കരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

**റൗദ :** റസൂൽ (സ്വ) സ്വർഗ്ഗത്തോപ്പ് എന്ന് വിശേഷിപ്പിച്ച മസ്ജിദുന്നബവിക്കകത്തെ ഒരു പ്രത്യേക സ്ഥലത്താണ് റൗദ അതിനെക്കുറിച്ച് റസൂൽ(സ്വ) പറഞ്ഞു : എന്റെ വീടിന്റെയും മിമ്പറിന്റെയും

ഇടയിലുള്ള സ്ഥലം സ്വർഗ്ഗത്തോപ്പുകളിൽപെട്ട ഒരു തോപ്പാണ്. (ബുഖാരി, മുസ്‌ലിം) മറ്റൊരാൾക്കും തടസ്സമാണ്ടാകാത്ത രീതിയിൽ അവിടെവെച്ചുള്ള സുന്നത്ത് നമസ്കാരത്തിനും ദിക്റുകൾ ചെല്ലുന്നതിനും ശ്രേഷ്ഠയുണ്ട് എന്നാൽ റൗദയിൽവെച്ചുള്ള നമസ്കാരം എന്ന പേരിൽ ഒരു പ്രത്യേക നമസ്കാരമില്ല. പലരും മനസ്സിലാക്കി വെച്ചത് പോലെ റൗദ ശെരീഫ് എന്നത് റസൂൽ (സ്വ)യുടെ ഖബറിടത്തിന് പറയുന്ന പേരല്ല.

**ഖബർ സിയാറത്ത് :** പുരുഷന്മാർക്ക് ഇസ്‌ലാം അനുവദിച്ച ഒരു സുന്നത്താണ് ഖബർ സിയാറത്ത് ഖബറാളികൾക്ക് സലാം പറയലും അവർക്ക് വേണ്ടി പ്രാർത്ഥിക്കലുമാണ് അനുവദനീയമായ സിയാറത്ത് ഇന്ന് പല ആളുകളും ചെയ്യുന്നത് പോലെ ഖബറാളികളോട് നമ്മുടെ ആവശ്യങ്ങൾ നിറവേറ്റിത്തരാൻ വേണ്ടിയും മറ്റും പ്രാർത്ഥിക്കാൻ പാടുള്ളതല്ല. കാരണം അത് പ്രാർത്ഥനയാണ്. പ്രാർത്ഥന അല്ലാഹു അല്ലാത്തവരോട് പാടില്ല. ഖബറിങ്ങൽ ചെന്നാൽ ഖുറാൻ പാരായണം ചെയ്യാനും പാടുള്ളതല്ല. ഖബർ ഒരു ചാണിലധികം കെട്ടിയുറർത്താനോ അതിൽ എഴുതിവെക്കാനോ, ഇരിക്കാനോ, തൊട്ടുമുത്താനോ ഒന്നും തന്നെ പാടില്ല.

**റസൂർ(സ്വ) ഖബർ :** നബി(സ്വ)യെ മറവ് ചെയ്തിട്ടുള്ളത് ആയിശ(റ)യുടെ വീട്ടിലാണ്. ഒരു ചാൺ മൺകൂനയിൽ തന്നെയാണ് ഇന്നും നബി(സ്വ)യുടെയും അബൂബക്കർ സിദ്ധിഖ്(റ)ഉമറുബനുൽ ഖത്താബ് (റ) എന്നിവരുടെയും ഖബറുകൾ അതിനുള്ളിൽ സ്ഥിതി ചെയ്യുന്നത്. അത് കെട്ടിയുർത്തുകയോ കുമ്മായമിടുകയോ ചെയ്തിട്ടില്ല. പള്ളിക്കുതൊട്ടടുത്തായി നബി(സ്വ)യുടെ ഭാര്യമാർക്ക് താമസിക്കാനയി വീടുകൾ നിർമ്മിച്ചു അതിൽപെട്ടതാണ് നബി(സ്വ)യെ മറവ് ചെയ്ത ആയിശ(റ)യുടെ വീടും. കിഴക്ക് ഭാഗത്ത് പള്ളിയോട് ചേർന്നയിരുന്നു അത് സ്ഥിതിചെയ്തിരുന്നത്. ഖുലഫാഉ റാശിദുകളുടെ കാലത്തും മുആവിയ (റ)കാലത്തും ശേഷവും പള്ളി വികസിപ്പിച്ചപ്പോൾ ഈ വീടുകൾ പള്ളിയുടെ പുറത്ത് അതേ നിലയിൽ തന്നെ അവശേഷിപ്പിച്ചു. പിന്നീട് ബനുഉമ്മയയുടെ ഭരണകാലത്ത് പള്ളി വികസിപ്പിച്ചപ്പോൾ നബി(സ്വ) അന്ത്യവിശ്രമം കൊള്ളുന്ന ആയിശ(റ) വീടും അതിലുൾപ്പെടുകയാണുണ്ടായത്. ഹിജ്റ 88-ൽ (നബി(സ്വ) മരിച്ച് 77 വർഷത്തിന് ശേഷമാണ്) ഈ സംഭവം.

ഇന്ന് നബി(സ്വ)യുടെ ഖബർ സന്ദർശനം നടത്തുന്ന ഒരാൾക്കും ഖബർ കാണാൻ സാധിക്കാത്ത രൂപത്തിലാണ് ഉള്ളത് 5 കോണുള്ള ഒരു വൻമതിലിനുള്ളിലായിട്ടാണ് നബി(സ്വ)യുടെയും 2 ഖലീഫമാരുടെയും ഖബർ നിലകൊള്ളുന്നത്. പുറമെ നിന്ന് നോക്കിയാൽ ആ വൻ മതിലും ഒരു കർട്ടനുമാണ് കാണാൻ സാധിക്കുക.

വൻമതിലിനു മുകളിലുള്ളഖുബയും നബി(സ്വ)യുടെയോ സ്വഹാബുക്കളോതാബികളോ പ്രവാചകന്റെ സമുദായത്തിൽപെട്ട പൺഡിതന്മാരോ നിർമ്മിച്ചതല്ല. ഹിജ്റ 678-ൽ തുർഖി രാജാക്കന്മാരിൽപെട്ട ഖലാവുൻസ്വാലിഹിയാണ് അതുണ്ടാക്കിയത് അത് കൊണ്ട് ഈ സംഭവം തെളിവുദ്ധരിച്ചുകൊണ്ട് ഖബറുകൾ പള്ളികളാക്കാനോ ഖബ്റിന്മേൽ ഖുബ്ബനിർമ്മിക്കാനോ ഇസ്‌ലാം അനുവദിക്കുന്നില്ല.

നബി(സ്വ)യുടെ മരണത്തിന് 5 ദിവസം മുമ്പ് പറഞ്ഞതായി കാണാം. അറിയുക, നിങ്ങളുടെ മുമ്പ് കഴിഞ്ഞുപോയവർ പ്രവാചകന്മാരുടെയും സ്വാലിഹീങ്ങളുടെയും ഖബ്റുകളെ പള്ളികളായി സ്വീകരിച്ചിരുന്നു. അറിയുക, നിങ്ങൾ ഖബറുകളെ ആരാധനാലയങ്ങളായി സ്വീകരിക്കരുത് ഞാൻ അത് വിലക്കുന്നു. (മുസ്‌ലിം)

**സലാം പറയൽ :** സലാം പറയാനായി എത്തുമ്പോൾ ആദ്യം റസൂൽ (സ്വ) ക്ക് പറയുക

السَلاَمُ عَلَيْكَ يَا رَسُولَ اللهِ صَلى اللهُ عَلَي وَسَلَمْ وَرَحْمَةُ اللهِ وَبَرَكَاتُهُ

ശേഷം അബൂബക്കർ സിദ്ദീഖ് (റ) വിന് സലാം പറയുക

السَلاَمُ عَلَيْكَ يَا أَبَا بَكْرِ الصِدِيقَ رَضِيَ اللهُ عَنْهُ وَرَحْمَةُ اللهِ وَبَرَكَاتُهُ

പിന്നീട് ഉമറുബ്നുൽ ഖത്താബ് (റ) നും സലാം പറയുക

السَلاَمُ عَلَيْكَ يَا عُمَرَ بْنَ الْخَطَابِ رَضِيَ اللهُ عَنْهُ وَرَحْمَةُ اللهِ وَبَرَكَاتُهُ

ഇത് സലാം പറയുന്നതിന്റെ ചുരുങ്ങിയ രൂപമാണ് ഇതല്ലാതെ സലാം പറയുന്നതിൽ സ്വഹീഹായി വന്ന മറ്റു രൂപങ്ങളും സ്വീകരിക്കാവുന്നതാണ്. ശേഷം അവർക്ക് വേണ്ടി പ്രാർത്ഥിച്ച് പുറത്ത് പോരുക. അവിടെ ഖബ്റിലേക്ക് തിരിഞ്ഞ് നിന്നു അവരോട് പ്രാർത്ഥിക്കാൻ പാടുള്ളതല്ല. മറിച്ച് ഖിബ്‌ലക്ക് മുന്നിട്ട് അല്ലാഹുവിനോട് ദുആ ചെയ്യാം.

**ബലീഅ് ഖബർസ്ഥാൻ :** പതിനായിരത്തോളം സ്വഹാബാക്കൾ ഖബറക്കപ്പെട്ട സ്ഥലമാണ് ബലിഉൽ ഗർലദ്. ജനങ്ങൾ ജന്നത്തുൽ ബലീഅ് എന്ന പേരിൽ ഇതിനെ പറയാറുണ്ട്. അത് സ്വഹീഹായി വന്നതല്ല. ഇന്നും അവിടെ തന്നെയാണ് ഖബടക്കം നടക്കുന്നത്. അവിടെ സന്ദർശിക്കുന്ന മുസ്‌ലിം ഖബറാളികൾക്ക് ഇപ്രകാരം സലാം പറയണം

لسَلاَمُ عَلَيْكُمْ أَهْلَ الدِيَارِ مِنَ الْمُؤْمِنِينَ وَالْمُسْلِمِينَ وإناَ إنْ شَاءَ اللهُ بِكُمْ لاحِقُونِ ، أَسْأَلُ
للهَ لَنَا وَلَكُمْ الْعَافِيَة

ഈ പാർപ്പിടങ്ങളിൽ വസിക്കുന്ന മുസ്‌ലിംകളും മുഅ്മിനുകളുമായിട്ടുള്ളവരെ, നിങ്ങൾക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാവട്ടെ. അല്ലാഹു ഉദ്ദേശിച്ചാൽ ഞങ്ങളും നിങ്ങളോടൊപ്പം വന്നു ചേരു